**കേരള സർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

E-mail: ceekinfo.cee@kerala.gov.in

Telephone: 0471 – 2332120, 2338487

**വിജ്ഞാപനം**

**ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിലേക്കുള്ള പ്രവേശന പരീക്ഷ 2024**

**ഓൺലൈൻ ഓപ്ഷനുകൾ ക്ഷണിക്കുന്നു.**

കേരളത്തിലെ 5 ഗവൺമെന്റ് ഫാർമസി കോളേജുകളിലെയും 57 സ്വകാര്യ സ്വാശ്രയ ഫാർമസി കോളേജുകളിലെയും 2025-26 അധ്യയന വർഷത്തെ ബി.ഫാം(ലാറ്ററൽ എൻട്രി) കോഴ്സിലേക്ക് പ്രവേശനത്തിനുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് നടപടികൾ ആരംഭിച്ചു.

പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'B.Pharm (LE)2025-Candidate Portal'** എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് വിദ്യാർത്ഥികൾക്ക് തങ്ങളുടെ ആപ്ലിക്കേഷൻ നമ്പർ, പാസ്സ്‌വേഡ് എന്നിവ രേഖപ്പെടുത്തി ഹോം പേജിൽ പ്രവേശിച്ച ശേഷം ഹോം പേജിൽ ലഭ്യമായ **'Option Registration'** എന്ന മെനുവിൽ ക്ലിക്ക് ചെയ്ത് **08/12/2025 വൈകുന്നേരം 3.00 മണി വരെ** ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. (പ്രോസ്പെക്ടസ് ക്ലോസ് 11 കാണുക). ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികളെ യാതൊരു കാരണവശാലും അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല. തപാൽ, ഫാക്സ് എന്നിവ മുഖേനയോ നേരിട്ടോ സമർപ്പിക്കുന്ന ഓപ്ഷനുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

**ഒന്നാം ഘട്ട അലോട്ട്മെന്റ് ഷെഡ്യൂൾ താഴെ ചേർക്കുന്നു.**

| | |
|---|---|
| **04/12/2025** | **ഓഷ്ഷൻ രജിസ്റ്റർ ചെയ്യുന്നതിന് വെബ്സൈറ്റ് സജ്ജമാകുന്നു.** |
| **08/12/2025**<br>**വൈകുന്നേരം 03.00 മണി** | **ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം അവസാനിക്കുന്നു.** |
| **08/12/2025** | **താത്ക്കാലിക അലോട്ട്മെന്റ് പട്ടിക പ്രസിദ്ധീകരണം.** |
| **10/12/2025** | **അന്തിമ അലോട്ട്മെന്റ് പട്ടിക പ്രസിദ്ധീകരണം.** |
| **11/12/2025 മുതൽ 15/12/2025,** | **അലോട്ട്മെന്റ് ലഭിച്ച കോളേജിൽ പ്രവേശനം നേടാനുള്ള** |

| | |
|---|---|
| വൈകുന്നേരം 4.00 മണി | സമയം. (പൊതു അവധി ദിവസങ്ങൾ ഒഴികെ) |
| 15/12/2025,<br>വൈകുന്നേരം 5.00 മണി | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (OAMS) മുഖേന സമർപ്പിക്കേണ്ട സമയം. |
| 16/12/2025 | രണ്ടാംഘട്ട അലോട്ട്മെൻറിനുള്ള ഓപ്ഷൻ കൺഫർമേഷൻ ആരംഭിക്കുന്നു |

നിശ്ചിത സമയത്തിന് ശേഷം അപേക്ഷകർക്ക് പോർട്ടലിൽ പ്രവേശനം ഉണ്ടാകില്ല. സമയപരിധി കഴിഞ്ഞാൽ ഈ സൗകര്യം പിൻവലിക്കപ്പെടും. പ്രഖ്യാപിച്ച സമയ ഷെഡ്യൂൾ അനുസരിച്ച് ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാത്ത ഒരു അപേക്ഷകനെ ഏതെങ്കിലും സീറ്റുകളിലേക്കുള്ള അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല. രണ്ടാം ഘട്ടത്തിൽ പുതിയതായി ഓപ്ഷൻ രജിസ്ട്രേഷൻ ഉണ്ടായിരിക്കുന്നതല്ല. ഓപ്ഷൻ കൺഫർമേഷൻ മാത്രമേ അനുവദിക്കുകയുള്ളൂ.ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിന് ഒരു സാഹചര്യത്തിലും സമയം നീട്ടിനൽകുന്നതല്ല.

| Details of Colleges | | |
|---|---|---|
| **Sl. No** | **College Code** | **Name of College** |
| **GOVERNMENT PHARMACY COLLEGES** | | |
| 1 | ALB | College of Pharmaceutical Sciences, Govt. Medical College,Alappuzha |
| 2 | KKB | College of Pharmaceutical Sciences, Govt. Medical College, Kozhikkode |
| 3 | KTB | College of Pharmaceutical Sciences, Govt. Medical College, Kottayam |
| 4 | TVB | College of Pharmaceutical Sciences, Govt. Medical College,Thiruvananthapuram |
| 5. | AMB | College of Pharmaceutical Sciences, Govt. Medical College, Kannur |
| **SELF FINANCING COLLEGES UNDER CENTRE FOR PROFESSIONAL & ADVANCED STUDIES** | | |
| 1 | RIB | Department of Pharmaceutical Science, Puthuppally, Kottayam |
| 2 | DPB | Department of Pharmaceutical Science, Ettumanoor, Kottayam. |

| PRIVATE SELF FINANCING PHARMACY COLLEGES | | |
|---|---|---|
| 1 | AFB | Al Shifa College of Pharmacy,Poonthavanam, Kizhattur, Perinthalmanna, Malappuram. |
| 2 | AHB | Ahalia School of Pharmacy, Kozhipara, Palakkad |
| 3 | CCB | Chemists College of Pharmaceutical Science & Research, Varikoli, Eranakulam. |
| 4 | CRB | Crescent College of Pharmaceutical Sciences, Madayipara, Kannur. |
| 5 | DAB | Devaki Amma Memorial College of Pharmacy, Pulliparamba, Malappuram. |
| 6 | DMB | Dr.Mopen’s College of Pharmacy, Wayanadu (D M Wim's College of Pharmacy, Nazeera Nagar, Meppadi P O, Wayanad) |
| 7 | DVB | The Dale View College of Pharmacy & Research Centre, Punalal, Thiruvananthapuram. |
| 8 | ECB | Ezhuthachan College of Pharmaceutical Science, Marayamuttam, Neyyattinkara |
| 9 | EPB | Elims College of Pharmacy, Ramavarmapuram,Thrissur |
| 10 | GCB | Grace College of Pharmacy, Kodunthirapully, Palakkad |
| 11 | JCB | St. James College of Pharmaceutical Sciences, River Bank, Chalakudy |
| 12 | JDB | JDT Islam College of Pharmacy, Marikunnu, Kozhikode |
| 13 | JSB | Jamia Salafiya Pharmacy College, Salafiya Gramam, Pulikkal, Malappuram |
| 14 | KMB | KMCT College of Pharmaceutical Sciences, Kalanthode, Kozhikode |
| 15 | KNB | College of Pharmacy, Kannur Medical College, Ajarakkandy, Kannur. |
| 16 | KPB | K T N College of Pharmacy, Puliyanamkunnu, Chalavara, Ottappalam, Palakkad. |
| 17 | KRB | Karuna College of Pharmacy, Thirumittacode, Pattambi, Palakkad |
| 18 | KVB | K V M College of Pharmacy, Kokkothamangalam, Cherthala, Alappuzha |
| 19 | MCB | Moulana College of Pharmacy, Near Railway Station, Angadippuram P O, Perinthalmanna |

| | | |
|---|---|---|
| 20 | MDB | Mar Dioscorus College of Pharmacy, Alathra, Sreekaryam, Thiruvananthapuram. |
| 21 | MKB | Malik Deenar College of Pharmacy, Seethangoli, Bela, Kasaragod |
| 22 | MMB | Mookambika College of Pharmaceutical Sciences and Research, Muvattupuzha, Eranakulam |
| 23 | MPB | Dr.Joseph Mar Thoma Insti. of Pharmaceutical. Sci. & Research, Kattanam |
| 24 | MZB | Mount Zion College of Pharmaceutical Science and Research, Adoor |
| 25 | NAB | Nazareth College of Pharmacy, Othera, Thiruvalla, Pathanamthitta |
| 26 | NCB | Nehru College of Pharmacy, Pampady, Thiruvilwamala, Thrissur |
| 27 | NMB | Nirmala College of Pharmacy, Muvattupuzha, Ernakulam |
| 28 | NEB | Nirmala College of Health Sciences, Meloor,Thrissur |
| 29 | NPB | National College of Pharmacy, Manassery, Mukkam, Kozhikode |
| 30 | PCB | Pushpagiri College of Pharmacy, Perumthuruthy P.O, Thiruvalla. |
| 31 | PPB | Prime College of Pharmacy, Erattayil, Palakkad |
| 32 | RGB | Rajiv Gandhi Institute of Pharmacy, Trikaripur, Kasaragod |
| 33 | SCB | St. Joseph's College of Pharmacy, Cherthala, Alappuzha |
| 34 | SJB | St.John's College of Pharmaceutical Sciences & Research, Kattappana, Idukki |
| 35 | SKP | Sree Krishna College of Pharmacy & Research Centre, Parassala, Thiruvananthapuram. |
| 36 | SPB | Sanjo College of Pharmaceutical Studies, Kuzhalmannam, Palakkad. |
| 37 | AAB | Al Azhar College of Pharmacy, Thodupuzha |
| 38 | HKB | Hindustan College of Pharmacy, Kanjirappally, Kottayam |
| 39 | TIB | Triveni Institute of Pharmacy, Kechery,Thrissur |
| 40 | WSB | West Fort College of Pharmacy, Pottore, Thrissur |
| | | |

| | | |
|---|---|---|
| 41 | HGB | Holy Grace Academy of Pharmacy, Mala, Thrissur |
| 42 | KEB | Indira Gandhi Institute of Pharmaceutical Sciences, Perumbavoor, Ernakulam. |
| 43 | CAB | Caritas College of Pharmacy, Ettumanoor, Kottayam |
| 44 | M G R | M G M College of Pharmacy, Kannur |
| 45 | KCB | KMCT College of Pharmacy, Malappuram |
| 46 | MGK | MGM Silver Jubilee College of Polytechnic and Pharmaceutical Science, Thiruvananthapuram. |
| 47 | MGB | MGM Silver Jubilee College of Polytechnic & Pharmaceutical Sciences, Ernakulam |
| 48 | KAB | Kerala Academy of Pharmacy, Thiruvananthapuram. |
| 49 | STB | Sree Gokulam SNGM College of Pharmacy, Thuravoor, Alappuzha. |
| 50 | MLB | Madin College of Pharmacy, Malappuram |
| 51 | MEB | MET's College of Pharmaceutical Sciences & Research, Mala, Thrissur. |
| 52 | MAB | Malabar College of Pharmacy, Rdappal, Malappuram |
| 53 | KKP | KMCT Institute of Pharmaceutical Education and Research, Chathamangalam, Kozhikkode. |
| 54 | CHB | MGM College of Pharmaceutical Sciences, Malappuram |
| 55 | KLB | KMCT Institute of Pharmacy, Kuttipuram , Malappuram |

**ഫീസ്**

| **കോളേജുകൾ** | **ഫീസ്** |
|---|---|
| ഗവൺമെന്റ് ഫാർമസി കോളേജുകൾ | വാർഷിക ട്യൂഷൻ ഫീസ് – 17370/- |
| സ്വകാര്യ സ്വാശ്രയ ഫാർമസി കോളേജുകൾ | ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ച ഫീസ് വിവരങ്ങൾ വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. |

സ്വാശ്രയ ഫാർമസി കോളേജുകളിലെ വാർഷിക ട്യൂഷൻ ഫീസ് താല്ക്കാലികവും സർക്കാറിന്റെ അന്തിമ തീരുമാനത്തിന് വിധേയവുമായിരിക്കും. വാർഷിക ട്യൂഷൻ ഫീസ്, മറ്റ് ഫീസ്, ഡെപ്പോസിറ്റ് എന്നിവ അലോട്ട്മെന്റ് ലഭിക്കുന്ന കോളേജുകളിൽ തന്നെ അഡ്മിഷൻ സമയത്ത് ഒടുക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി/എസ്.റ്റി/ഒഇസി/മത്സ്യതൊഴിലാളികളുടെ മക്കൾ, ശ്രീചിത്രഹോം/ജുവനൈൽ ഹോമിലെ വിദ്യാർത്ഥികൾ എന്നിവരും ഫീസ് ഒടുക്കേണ്ടതില്ല.

വിദ്യാർത്ഥികൾ അഡ്മിഷൻ സമയത്ത് പ്രോസ്പെക്ടസ് ക്ലോസ് 4 ൽ പറയുന്ന യോഗ്യത നേടിയിരിക്കണം. കൂടാതെ പ്രോസ്പെക്ടസിൽ (പ്രോസ്പെക്ടസ് ക്ലോസ് 14.1 കാണുക) പറഞ്ഞിരിക്കുന്ന രേഖകളും ഹാജരാക്കണം.

**ഓപ്ഷൻ രജിസ്ട്രേഷൻ ഫീസ്**

ബി.ഫാം (ലാറ്ററൽ എൻട്രി) പ്രവേശനത്തിനായി ഓപ്ഷൻ രജിസ്റ്റർ ചെയ്യാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ 2,000/- രൂപ ( രണ്ടായിരം രൂപ മാത്രം) പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓപ്ഷൻ രജിസ്ട്രേഷൻ ഫീ ആയി ഒടുക്കേണ്ടതാണ്. വിദ്യാർത്ഥികളുടെ ട്യൂഷൻ ഫീസിൽ ഈ തുക വകയിരുത്തുന്നതാണ്. എസ്.സി/എസ്.ടി/ഒ.ഇ.സി.ക്ക് തുല്യമായ ആനുകൂല്യങ്ങൾക്ക് അർഹരായ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികളും G.O.(Ms) No.25/2005/SCSTDD Dated 20.06.2005, G.O (Ms)No. 10/2014/BCDD Dated 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും ശ്രീചിത്രാഹോം, ജുവനൈൽ ഹോം, നിർഭയ ഹോം എന്നിവിടങ്ങളിലെ അപേക്ഷകരും ഓപ്ഷൻ രജിസ്ട്രേഷൻ ഫീ ആയി 500/- രൂപ ( അഞ്ഞൂറ് രൂപ മാത്രം) പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓടുക്കേണ്ടതാണ്. ഇവർക്ക് പ്രവേശനം ലഭിക്കുന്ന കോഴ്സിന്റെ Caution Deposit-ൽ പ്രസ്തുത തുക കുറവ് ചെയ്യുന്നതാണ്. ഓപ്ഷൻ രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒടുക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് ഓപ്ഷൻ രജിസ്ട്രേഷൻ ഫീസ് തിരികെ നൽകുന്നതാണ്. റീഫണ്ടിന് അർഹതയുള്ള വിദ്യാർത്ഥികൾക്ക് തുക തിരികെ നൽകുന്നതിനായി കൃത്യമായ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ വെബ്സൈറ്റ് വഴി നൽകേണ്ടതാണ്.

അപ്‌ലോഡ് ചെയ്ത സർട്ടിഫിക്കറ്റുകളിൽ അപാകതകൾ ഉള്ളതുകാരണം ഫലം എന്നിവ തടഞ്ഞുവെച്ചിട്ടുള്ള വിദ്യാർത്ഥികൾക്കും ഓപ്ഷൻ സമർപ്പിക്കാവുന്നതാണ്. എന്നാൽ ഈ വിദ്യാർത്ഥികൾ ഓപ്ഷൻ സമർപ്പണം അവസാനിക്കുന്നതിന് ഒരു ദിവസം മുമ്പ് അപാകതകൾ പരിഹരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നൽകിയ ഓപ്ഷനുകൾ അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.

പ്രവേശനം നേടാൻ താത്പര്യമില്ലാത്ത കോളേജുകളിലേക്ക് അനാവശ്യമായി ഓപ്ഷനുകൾ നൽകാൻ പാടില്ല. അലോട്ട്മെന്റുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ, പ്രോസ്പെക്ടസ് എന്നിവ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭിക്കുന്നതാണ്. താത്ക്കാലിക സീറ്റ് മാട്രിക്സ്(സർക്കാർ ഉത്തരവിന് വിധേയമായി) വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളത് ശ്രദ്ധിക്കുക. തത്സമയ വിവരങ്ങൾക്ക് അപേക്ഷകർ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റ് നിരന്തരം സന്ദർശിക്കേണ്ടതാണ്.

Signed by
R Manoj
Date: 04-12-2025 18:03:33

**ഹെൽപ് ലൈൻ നമ്പർ : 0471 – 2332120, 2338487**

ജോയിന്റ് കമ്മിഷണർ
**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**

തിരുവനന്തപുരം
04-12-2025